പ്രേക്ഷിതൻ,

റുബീന. എൻ
മുണ്ടോടൻ (വീട്)
തെരട്ടമ്മൽ, ഊർങ്ങാട്ടീരി (പി.ഒ)
അരീക്കോട്, മലപ്പുറം (ജില്ല)
പിൻ- 63639

0014344

10 रु. कोर्ट फी COURT FEE भारत INDIA Rs.10 दस रुपये TEN RUPEES

31 OCT 2018

സ്വീകർത്താവ്,

വിവരാവകാശ ഓഫീസർ
സാമൂഹിക നീതി വകുപ്പ്
വികാസ് ഭവൻ, തിരുവനന്തപുരം

വിഷയം - 2005 ലെ വിവരാവകാശ നിയമം അനുസരിച്ച്.

1. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലെ അന്തേവാസികളെ താമസിപ്പിക്കുന്ന സ്ഥാപനങ്ങളിലെ സ്ഥാപന സൂപ്രണ്ട്, ഓഫീസ് അറ്റന്റർ , വാച്ച്മാൻ, വാച്ച് വുമൺ, മേട്രൺ തുടങ്ങിയവരുടെ ഓരോരുത്തരുടെയും ചുമതലകൾ എന്തെല്ലാം? (ഓരോരുത്തരുടേതും വ്യക്തമാക്കിതരണമെന്ന് അപേക്ഷിക്കുന്നു.)

2. ആകസ്മികമായി അന്തേവാസികൾ താമസിക്കുന്ന ഒരു സ്ഥാപനത്തിലെ മേട്രൺ, വാച്ച് വുമൺ എന്നിവർക്ക് ബന്ധുക്കളുടെ മരണം, അസുഖം മറ്റു വ്യക്തിപരമായ കാരണങ്ങൾകൊണ്ട് ഒന്നിച്ച് ലീവെടുക്കേണ്ടി വരുന്ന സാഹചര്യത്തിൽ അന്തേവാസികളുടെ പരിചരണത്തിനും സുരക്ഷക്കും (ദിവസവേതനത്തിനും ആളെ കിട്ടാത്തപക്ഷം രാത്രിയടക്കം ജോലിയെടുക്കാൻ) സ്ഥാപന സൂപ്രണ്ട്, ഓഫീസ് അറ്റന്റർ എന്നിവർക്ക് ഉത്തരവാദിത്തമില്ലേ?

3. തുടർച്ചയായി 24 മണിക്കൂറോ അതിലധികമോ (40 മുതൽ 48 മണിക്കൂർ വരെ )ജോലിയെടുക്കുന്ന വാച്ച് വുമൺ ജീവനക്കാരിക്ക് തൊട്ടടുത്ത ദിവസം സ്പെഷ്യൽ ഓഫിന് അർഹതയുണ്ടോ? ഇത്തരത്തിൽ ജോലി ചെയ്യേണ്ടിവരുമ്പോഴുള്ള അവധിയുടെ സ്വഭാവം വിശദീകരിച്ച് തരണമെന്ന് അപേക്ഷിക്കുന്നു.

4. വാച്ച് വുമൺ തുടർച്ചയായി 40 മണിക്കൂർ ജോലിചെയ്യുകയും മേട്രൺ, കെയർ പ്രൊവൈഡർ എന്നീ ജീവനക്കാർ ഇല്ലാതിരിക്കുകയും ചെയ്യുന്ന അവസരത്തിൽ തൊട്ടടുത്ത ദിവസം പൊതുഅവധി വരികയാണെങ്കിൽ സ്ഥാപന സൂപ്രണ്ട്, ഓഫീസ് അറ്റന്റർ എന്നിവർക്ക് ആ ദിവസങ്ങളിൽ രാത്രിയടക്കം ജോലിചെയ്യാൻ ബാധ്യതയില്ലേ?

( A) വീണ്ടും തുടർച്ചയായി ജോലി ചെയ്യാൻ മേലധികാരികൾ ആവശ്യപ്പെടുകയാണെങ്കിൽ അത് മനുഷ്യാവകാശ ലംഘനമായല്ലേ പരിഗണിക്കേണ്ടത് ?

5. സ്ഥാപന സൂപ്രണ്ടിന്റെയും, ഓഫീസ് അറ്റന്റർ, മേടൻ എന്നിവരുടെ ജോലിസമയം ഏത് മുതൽ ഏതുവരെയാണ്?

6. സാമൂഹ്യനീതിവകുപ്പിന്റെ /വനിത ശിശുവികസന വകുപ്പിന്റെ കീഴിലെ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബാധകമായ ചട്ടങ്ങൾ പ്രതിപാദിക്കുന്ന നിയമത്തിന്റെ പേരെന്ത് ?(ഉദ:വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കെ.ഇ.ആർ ബാധകമായതുപോലെ)

7. ഒരു സർക്കാർ ജീവനക്കാരൻ ഒരു നിശ്ചിത സമയം അല്ലെങ്കിൽ ഒരു നിശ്ചിത മണിക്കൂർ ജോലി ചെയ്തിരിക്കണമെന്നുള്ളത് നിർബന്ധമാണ്. ഓരോ വകുപ്പുകളിലും ഓരോ ജീവനക്കാർക്കും നിശ്ചിത സമയവും നിശ്ചയിച്ചിട്ടുമുണ്ട്. അതുപ്രകാരം സാമൂഹിക നീതി വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്ന തസ്തികകൾക്ക് (വാച്ച് മാൻ, നൈറ്റ് വാച്ച്മാൻ, വാച്ച് വുമൺ, നൈറ്റ് വാച്ച് വുമൺ തുടങ്ങിയ) ജോലിസമയം എത്രമണിക്കൂറാണ് ?

8. ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്ന ഓഫീസ് അറ്റന്റർക്ക് ജോലി സമയം ഏഴുമണിക്കൂറും ഇതേ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നേടുന്ന വാച്ച്മാൻ,വാച്ച് വുമൺ തസ്തികകൾക്ക് രാത്രി ജോലിചെയ്യുമ്പോൾ 16 മണിക്കൂർ ജോലിചെയ്യേണ്ടിയും വരുന്നു. ഇങ്ങനെ ജോലിചെയ്യുന്ന വാച്ച്മാൻ, വാച്ച് വുമൺ തസ്തികയിലുള്ളവർക്ക് പ്രത്യേക കാഷ്വൽ ലീവോ, ഓഫോ ലഭ്യമാണോ?

9.വാച്ച് വുമൺ തസ്തികയിൽ നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥിക്ക് ഡ്യൂട്ടി സമയം രാത്രിയാണെങ്കിൽ നൈറ്റ് വാച്ച് വുമൺ എന്ന് നിയമന ഉത്തരവിൽ പ്രത്യേകം പരാമർശിക്കേണ്ടതല്ലേ? അല്ലാത്തപക്ഷം ഇവരുടെ ജോലി സമയം പകലാണെന്നല്ലേ അർത്ഥമാക്കുന്നത് ?

10. സാമൂഹിക നീതിവകുപ്പിന്റെ കീഴിൽ എത്ര സ്ഥാപനങ്ങളിൽ വാച്ച് വുമൺ തസ്തികയുണ്ട്? തസ്തികയുള്ള സ്ഥാപനങ്ങളുടെ ഫോൺ നമ്പർ സഹിതമുള്ള ഔദ്യോഗിക വിലാസം നൽകണമെന്ന് അപേക്ഷിക്കുന്നു.

11. വാച്ച് വുമൺ തസ്തികയിലുള്ളവർക്ക് സർക്കാറിന്റെ പൊതുഅവധി ദിനങ്ങൾ ബാധകമല്ലേ?

എന്ന്,

26/10/2018

റുബീന. എൻ